(ബി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ 329 ബാച്ചുകളും അൺ എയ്ഡഡ് മേഖലയിൽ 14 ബാച്ചുകളും അനുവദിച്ചു.

(സി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ 329 ബാച്ചുകൾ അനുവദിച്ചു.

(ഡി) 2014-15 അദ്ധ്യയനവർഷം ആരംഭിച്ച പുതിയ സർക്കാർ/എയ്ഡഡ് മേഖലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ഒരു ബാച്ചിൽ 50-ൽ താഴെ മാത്രം വിദ്യാർത്ഥികൾ പ്രവേശനം തേടിയ 82 ബാച്ചുകൾ ഉണ്ട്. 2014-15 അദ്ധ്യയനവർഷം കുറഞ്ഞത് 40 കുട്ടികളും 2015-16 അദ്ധ്യയനവർഷം കുറഞ്ഞത് 50 കുട്ടികളും ഉണ്ടായിരിക്കണമെന്ന് 31-07-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ143/14/പൊ.വി.വ. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം നിയമാനുസരണം അർഹതപ്പെട്ട ബാച്ചുകളുടെയും തസ്തികകളുടെയും വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

പ്ലസ് വൺ സീറ്റുകൾ

51 (1127) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്ലസ് വൺ സീറ്റുകൾ ഉണ്ട്; അതിൽ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ എത്ര സീറ്റുകൾ വീതം ഉണ്ട്;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും ഒഴിഞ്ഞു കിടന്നിരുന്ന പ്ലസ് വൺ സീറ്റുകൾ എത്ര വീതമായിരുന്നു;

(സി) കുട്ടികളുടെ കുറവ് കാരണം ഏതെങ്കിലും എയ്ഡഡ്/അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഏതെങ്കിലും ബാച്ച് ഇല്ലാതായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2015-16 അദ്ധ്യയന വർഷം ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ അഞ്ച് വർഷം ഒഴിവ് വന്ന സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് പ്ലസ് വൺ സീറ്റുകളുടെ വിവരം അനുബന്ധം (2) ആയി ചേർക്കുന്നു.

(സി) 25 കുട്ടികളെങ്കിലും പ്രവേശനം നേടാത്ത ഹയർസെക്കണ്ടറി ബാച്ചുകൾക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകി നിർത്തലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

താൽക്കാലിക അദ്ധ്യാപകരുടെ വേതനം

52 (T*1128) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസവേതനക്കാരായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നിലവിൽ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളുടെ അദ്ധ്യയന ദിവസം ആഴ്ചയിൽ അഞ്ചാക്കി ചുരുക്കിയത്ഇത്തരം അദ്ധ്യാപകരുടെ വേതനത്തെ ബാധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ വേതന വർദ്ധനവ് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഗസ്റ്റ് അധ്യാപകരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ദിവസവേതനക്കാരായ ഹയർസെക്കണ്ടറി ജൂനിയർ അദ്ധ്യാപകർക്ക് 500 രൂപയും സീനിയർ അദ്ധ്യാപകർക്ക് 600 രൂപയുമാണ് നിലവിൽ ദിവസ വേതനമായി നൽകി വരുന്നത്.

(ബി&സി) ഉണ്ട്.

(ഡി) പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാത്ത സാഹചര്യത്തിലോ, പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലോ, പി.എസ്.സി. അഡ്വൈസിന് കാലതാമസം നേരിടുമ്പോഴോ, അഡ്വൈസ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുവാൻ കാലതാമസം വരുകയോ മൂലം ഉണ്ടാകുന്ന ഒഴിവാക്കാനാവാത്ത സന്ദർഭത്തിലാണ്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly